## തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മദ്ധ്യമേഖല ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

(ഹാജർ: അരുൺ രംഗൻ)

തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മദ്ധ്യമേഖല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കൊച്ചി-കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈസൻസ്ഡ് സൂപ്പർവൈസർ ശ്രീ.ജോമി ജോസ് എ.എഫ്-ന്റെ G6-3998/17/149/SA രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

---

ജി6/3291/20 കൊച്ചി, തീയതി 19.01.2023.

---

പരാമർശം:

1. സർക്കാരിന്റെ 14.10.2020-ലെ 453/ആർ.ബി1/2020/തസ്വഭവ നം. കത്ത്
2. നഗരകാര്യ ഡയറക്ടറുടെ 27.11.2020-ലെ വി3-16492/20 നം. കത്ത്
3. ലൈസൻസി ശ്രീ.ജോമി ജോസ്.എ.എഫ് ന് നൽകിയിട്ടുള്ള നോട്ടീസ്
4. ലൈസൻസി ശ്രീ.ജോമി ജോസ്.എ.എഫ്-ന്റെ വിശദീകരണം
5. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 14.7.22-ലെ ISO/MOP1/18069/21 നം. കത്ത്
6. 15.11.22 തീയതിയിൽ ഈ കാര്യാലയത്തിൽ നടത്തിയ ഹിയറിംഗ്

## ഉത്തരവ്

vigc

കൊച്ചി കോർപ്പറേഷൻ മെയിൻ ഓഫീസ് പരിധിയിൽ വാരിയം റോഡിൽ പ്രവർത്തിച്ചു വരുന്ന ട്രാവൻകൂർ കോർട്ട് എന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിലുണ്ടായിട്ടുള്ള ചട്ടലംഘനങ്ങൾക്ക് ഉത്തരവാദിയായ ലൈസൻസി ശ്രീ.ജോമി ജോസ്.എ.എഫ് എന്നയാളിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിന് ബഹു.സർക്കാർ പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന ഈ ഓഫീസിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിലേയ്ക്ക് പരാമർശം (3) പ്രകാരം ലൈസൻസിയിൽ നിന്നും വിശദീകരണം ലഭ്യമാക്കിയിട്ടുള്ളതാണ്. പരാതിക്കാസ്പദമായ കെട്ടിടത്തിന്റെ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് നിർമ്മാണാനുമതി ആവശ്യമായി വന്നപ്പോൾ ക്ലാസിഫിക്കേഷന് ഉതകുംവിധം ആന്തരിക നവീകരണ വേലകൾ മാത്രം നടത്തുന്നതിനായാണ് പെർമിറ്റ് ലഭ്യമാക്കിയതെന്നും ഇപ്രകാരം പ്ലിന്ത് ഏരിയായിൽ വ്യത്യാസം വരാത്തതിനാലാണ് കാർ പാർക്കിംഗ് അധികമായി കണക്കാക്കാതിരുന്നതെന്ന് ലൈസൻസി പരാമർശം (4) പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. ലൈസൻസിയുടെ വിശദീകരണത്തിന്മേൽ പരാമർശം (5) പ്രകാരം കൊച്ചി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആന്തരിക നവീകരണ പ്രവൃത്തികളുടെ ഭാഗമായി റൂം വിഭജിക്കുമ്പോൾ വർദ്ധിച്ചു വരുന്ന റൂമുകൾക്ക് അനുസൃതമായി നിലവിൽ ഉണ്ടായിരുന്നതിലും അധികം കാർ പാർക്കിംഗ്



Generated from eOffice by Rekha K L, VIGC2 PD LSGD, VIGC2 PD LSGD, PD LSGD on 29/04/2023 12:21 PM

അനുവദിക്കാത്തത് ലൈസൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പിഴവായി സെക്രട്ടറിയും അംഗീകരിച്ചിട്ടുള്ളതാണ്.

വിഷയത്തിൽ അന്തിമനടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി പരാമർശം (6) പ്രകാരം ലൈസൻസിയെ നേരിൽ കേട്ടിട്ടുള്ളതാണ്. ടി വേളയിൽ പരാമർശം (4)-ലെ വിശദീകരണ ത്തിൽ വ്യക്തമാക്കിയിട്ടുള്ളതിൽ കൂടുതലായി ഒന്നും തന്നെ ലൈസൻസി ബോധിപ്പിച്ചിട്ടില്ലാത്ത താണ്. കെ.എം.ബി.ആർ 2019 ചട്ടം 18 പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പു വയ്ക്കുകയോ ചെയ്യുന്ന ആൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മയ്ക്കും സത്യാവ സ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (1) നിർദ്ദേശത്തിന്റെയും പരാമർശം (5) റിപ്പോർട്ടി ന്റെയും അടിസ്ഥാനത്തിൽ ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ.ജോമി ജോസ്.എ.എഫ്-ന്റെ G6-3998/17/149/SA നമ്പർ രജിസ്ട്രേഷൻ ഉത്തരവ് തീയതി മുതൽ ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

റീജിയണൽ ജോയിന്റ് ഡയറക്ടർ

പകർപ്പ്:- Jomy Jose .A.F
Azheekkal (H)
Konthuruthy Road
Thevara P.O, Kochi
(സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒറിജിനൽ ലൈസൻസ് 7 ദിവസത്തിനുള്ളിൽ നഗരകാര്യ വകുപ്പിന്റെ കൊച്ചി മേഖല ആഫീസിൽ ഹാജരാകേണ്ടതാണ്.)

പകർപ്പ്

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് (ആമുഖ കത്ത് സഹിതം) (തുടർനടപടികൾക്കും എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
2. പഞ്ചായത്ത് ഡയറക്ടർ(ആമുഖ കത്ത് സഹിതം)
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം, കോഴിക്കോട്
4. മധ്യമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

ജെ.വി


Generated from eOffice by Rekha K L, VIGC2 PD LSGD, VIGC2 PD LSGD, PD LSGD on 29/04/2023 12:21 PM